പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **992** 03/12/2014-ലെ മറുപടിക്ക്

**കാസർഗോഡ് നടക്കാവ് കോളനിയിലെ പ്രവൃത്തികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | | ശ്രീ.എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | കാസർഗോഡ് ജില്ലയിലെ നടക്കാവ് കോളനിയെ മോഡൽ കോളനിയായി ഉയർത്തി പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ: | എ) | കാസർഗോഡ് ജില്ലയിലെ നടക്കാവ് കോളനിയെ മോഡൽ കോളനിയായി ഉയർത്തി പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതിക്ക് ഒരു കോടി രൂപ ആണ് അനുവദിച്ചിട്ടുള്ളത്. |
| ബി) | പ്രസ്തുത കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിയവർ ഈ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; കോളനിയിൽ ഏതെല്ലാം പ്രവൃത്തികളാണ് ചെയ്തു തീർത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | | പ്രസ്തുത കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത ഏജൻസി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് ആലുവ ആണ്. കോളനിയിൽ ഏറ്റെടുത്ത പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല. റോഡ് കോൺക്രീറ്റ് (700 മീ) കമ്മ്യൂണിറ്റി ഹാൾ, ടോയ്‌ലറ്റ്, കുടിവെള്ള പദ്ധതി, ഭജനമഠത്തിന്റെ മെയിന്റനൻസ് വർക്ക് ( ചുറ്റുമതിൽ, തേപ്പ്, ടൈൽസ്, പെയിന്റിംഗ്, ഗ്രിൽസ്, മേൽക്കൂര) ശ്മശാനത്തിന്റെ മേൽക്കൂര, ഷെഡ്ഡ്, വീട് പ്ലാസ്റ്ററിംഗ് എന്നീ പ്രവൃത്തികൾ പൂർത്തികരിച്ചു. |

സെക്ഷൻ ഓഫീസർ